*പി.എഫ്.ജനറൽ(1)/51412/15/ഡി.പി.ഐ* പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.
തിരുവനന്തപുരം. തീയതി, 10/06/2016

***<u>സർക്കുലർ</u>***

വിഷയം :- ഐ.എഫ്.എം.എസ് - 'ഗെയ്ൻ പി.എഫ്' - കെ.എ.എസ്.ഇ.പി.എഫ് ലോൺ ബില്ലുകൾ ട്രെഷറിയിൽ സമർപ്പിക്കുന്നതു - സംബന്ധിച്ച്

സൂചന :- 1) 16/03/2016 ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി)/39/16/ഫിൻ
2) 20/05/2016 ലെ സർക്കാരിന്റെ 103088/എസ്.എൽ.3/15/ഫിൻ നമ്പർ കത്ത്
3) 04/06/2016 ലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ

***

സൂചന (3) സർക്കുലർ പ്രകാരം 'ഗെയ്ൻ പി.എഫ്' സിസ്റ്റം വഴി ജനറേറ്റ് ചെയ്യുന്ന സാങ്ഷൻ ഓർഡറിന്റെ അടിസ്ഥാനത്തിൽ കെ.എ.എസ്.ഇ.പി.എഫ് ലോൺ ബില്ലുകൾ ട്രെഷറിയിൽ സമർപ്പിക്കുമ്പോൾ അതിനോടൊപ്പം ഉൾപ്പെടുത്തേണ്ട ഡോക്യുമെന്റുകളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി സർക്കുലർ സ്കൂൾ തലം വരെ എത്തിയതായി കാണുന്നില്ല. അതിനാൽ എല്ലാ എ.പി.എഫ്.ഒ മാരും അവരുടെ അധികാര പരിധിയിലുള്ള ഡി.ഡി.ഇ/ ഡി.ഇ.ഒ/ എ.ഇ.ഒ മാർക്കും, അവർ താഴെ ത്തട്ടിലേയ്ക്കും അതായത് സ്കൂൾ ഹെഡ്മാസ്റ്ററൻമാർക്കും ടി സർക്കുലർ അയച്ചു കൊടുത്തിട്ടുണ്ടെന്ന് അടിയന്തിരമായി ഉറപ്പു വരുത്തേണ്ടതാണ്.

പല ട്രഷറികളും കെ.എ.എസ്.ഇ.പി.എഫ് ലോൺ ബില്ലുകൾ ഓരോ കാരണങ്ങൾ കണ്ടെത്തി മടക്കുന്നതായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇങ്ങനെയുള്ള ബില്ലുകളുടെ വിവരങ്ങൾ അതായത്

1) കെ.എ.എസ്.ഇ.പി.എഫ് ലോൺ അപേക്ഷ നമ്പർ / സാങ്ഷൻ ഓർഡർ നമ്പർ
2) ബിൽ ട്രഷറി മടക്കാനുണ്ടായ കാരണം
3) ട്രഷറിയുടെ പേര് എന്നിവ കാണിച്ചുകൊണ്ട് അതാത് എ.പി.എഫ്.ഒ മാർക്ക് ഇ-മെയിൽ ചെയ്യേണ്ടതും, എ.പി.എഫ്.ഒ മാർ മേൽ പരാതികൾ കൺസോളിഡേറ്റ് ചെയ്ത് ഇ-മെയിൽ ആയി അയച്ചുകൊടുക്കേണ്ടതാണ്. ഇ-മെയിൽ വിലാസം - <u>obsuresh@gmail.com</u>

ലോൺ അപേക്ഷകൾ സബ്മിറ്റ് ചെയ്യുന്നതു സംബന്ധിച്ച് മറ്റെന്തെങ്കിലും ടെക്നിക്കൽ പ്രോബ്ലം കാണുന്നുണ്ടെങ്കിൽ അവ സ്റ്റേറ്റ് നോഡൽ ഓഫീസറായ ശ്രീ. വിനോയ്

ചന്ദ്രന് ഇ-മെയിൽ (vcrkottaram@gamil.com) ആയി അയച്ചു കൊടുക്കുകയും , ശ്രീ. വിനോയ് ചന്ദ്രൻ എൻ.ഐ.സി യുമായി ബന്ധപ്പെട്ട് അവ അപ്പപ്പോൾ തന്നെ പരിഹരിച്ചു നൽകേണ്ടതുമാണ്.

'ഗെയ്ൻ പി.എഫ്' വഴി സ്കൂൾ ഹെഡ്മാസ്റ്ററൻമാർ സമർപ്പിക്കുന്ന എല്ലാ ലോണപേക്ഷകളും ആദ്യം അതാത് എ.പി.എഫ്.ഒ ഓഫീസുകളിലാണ് എത്തുന്നത്. എ.പി.എഫ്.ഒ മാർ അവ വെരിഫൈ ചെയ്ത് മോണിറ്ററിംഗ് ലിമിറ്റ് അനുസരിച്ച് അതാത് സാങ്ഷണിങ് അതോറിറ്റികൾക്ക് ഓൺലൈനായി അയച്ചു കൊടുക്കുന്നു. അതിനായി സ്കൂൾ ഹെഡ്മാസ്റ്ററൻമാർ ഓൺലൈൻ ആയി അപേക്ഷകൾ സമർപ്പിക്കുന്നതിനൊപ്പം തന്നെ മാന്വലായി തയ്യാറാക്കിയ ലോണപേക്ഷകൾ (എ.ബി.സി.ഡി സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ) അതാത് എ.പി.എഫ്.ഒ മാർക്ക് നൽകേണ്ടതാണ്. ഇങ്ങനെ മാന്വലായി സമർപ്പിക്കുന്ന എ.ബി.സി.ഡി സ്റ്റേറ്റ്മെന്റിലെ net amount ഉം GAINPF സൈറ്റിൽ കാണുന്ന "ABCD Statement from SPARK Data ലെ Net amount ഉം ഒന്നു തന്നെ ആയിരിക്കേണ്ടതാണ്. എന്നാൽ ഈ തുകയിൽ വ്യത്യാസം കാണുന്നതു കാരണം എ.പി.എഫ്.ഒ മാർക്ക് ലോണപേക്ഷകൾ സാങ്ഷണിങ് അതോറിറ്റിക്ക് forward ചെയ്യാൻ സാധിയ്ക്കാത്ത അവസ്ഥയാണുള്ളതെന്ന് പല എ.പി.എഫ്.ഒമാരും റിപ്പോർട്ട് ചെയ്യുന്നുണ്ട്. അതിനാൽ ലോണപേക്ഷകൾ മാന്വലായി തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ സ്കൂൾ ഹെഡ്മാസ്റ്ററൻമാർ ശ്രദ്ധിയ്ക്കേണ്ടതാണ്.

1) GAINPF ൽ കാണുന്ന "ABCD Statement from SPARK Data" അനുസരിച്ചുള്ള ABCD Statement തന്നെ ആയിരിയ്ക്കണം മാന്വലായും തയ്യാറാക്കേണ്ടതാണ്.
2) അതിനാൽ ABCD Statement -ൽ 31/03/2016 വരെയുള്ള സബ്സ്ക്രിപ്ഷൻ / ലോൺ തിരിച്ചടവും മാത്രമേ ഉൾപ്പെടുത്താവൂ.
3) 01/04/2016 വരെയുള്ള സബ്സ്ക്രിപ്ഷൻ / ലോൺ തിരിച്ചടവുകൾ ഇതു വരെ 'ഗെയ്ൻ പി.എഫ്' വഴി SPARK -ൽ വന്നു കാണുന്നില്ല. ഇത് അപ്ഡേറ്റ് ചെയ്യുന്ന മുറയ്ക്ക് ആ തുക കൂടി ഉൾപ്പെടുത്തിക്കൊണ്ട് ABCD Statement തയ്യാറാക്കി അപേക്ഷയോടൊപ്പം സമർപ്പിക്കാവുന്നതാണ്.

ഇനിയും ലോൺ ബില്ലുകൾ ട്രഷറിയിൽ നിന്നും മടക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ആ വിവരം 'ഗെയ്ൻ പി.എഫ്' ന്റെ ചുമതലയുള്ള ഗവൺമെന്റ് ധനകാര്യ അഡീ

ഷണൽ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രശ്ന പരിഹാരം കാണാൻ ശ്രമിയ്ക്കുകയും ചെയ്യുന്നതാണ്.

'ഗെയിൻ പി.എഫ്' വഴി ലോൺ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് മറ്റെന്തെങ്കിലും അഭിപ്രായമോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ dpi.pfgeneral@gmail.com എന്ന അഡ്രസിൽ ഇ-മെയിൽ ചെയ്തു തരേണ്ടതാണ്.

ഈ സർക്കുലർ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ജില്ല / ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാരും അവരവരുടെ അധികാരപരിധിയിലുള്ള എല്ലാ സ്കൂളുകൾക്കും കർശനമായും അയച്ചു കൊടുക്കേണ്ടതാണ്.

*പി.കെ. ശ്യാമ*
*അക്കൗണ്ട്സ് ഓഫീസർ (പി.എഫ്)*

*പകർപ്പ് :-*

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർമാർക്കും
3) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5) സീനിയർ ഫിനാൻസ് ഓഫീസറുടെ സി.എ
6) ശ്രീ. വിനോയ് ചന്ദ്രൻ (സ്റ്റേറ്റ് നോഡൽ ഓഫീസർ)
7) ഓഫീസ് കോപ്പി / പകർപ്പ്